Talented Bankers Literary Panel
പുസ്തകപരിചയം 151

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ, കാവനാട് ശാഖ.

ഗോഥം
അനൂപ് ശശികുമാർ

ഈ എഴുത്തുകാരനു ഒരു പ്രത്യേക ആമുഖം വേണമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം മലയാള യുവസാഹിത്യകാരന്മാരിൽ പ്രമുഖനും, സമൂഹമാധ്യമങ്ങളിൽ അത്രയേറെ ശ്രദ്ധേയനുമാണ് അനൂപ്. എഴുത്തിലെ വ്യത്യസ്തമായ ആഖ്യാനശൈലി കൊണ്ടും, അവതരണമികവ് കൊണ്ടും, ഇതിനോടകം തന്നെ ശക്തമായ ഒരു ഫാൻ ബേസ് നേടിയെടുത്ത ഒരു എഴുത്തുകാരനാണ് അദ്ദേഹം. 2018-ലെ ഡി സി സാഹിത്യ പുരസ്കാരത്തിനു പരിഗണിക്കപ്പെട്ട മലയാളത്തിലെ ആദ്യ അർബൻ ഫാന്റസി നോവലായ എട്ടാമത്തെ വെളിപ്പാടിന്റെ സൃഷ്ടാവ്. ✍🏼

ഗോഥം - ഈ കഥ നടക്കുന്നത് നമ്മുടെ സ്വന്തം കൊച്ചിയിലാണ്. Vigilante ത്രില്ലെർ വിഭാഗത്തിൽപെടുന്ന പുസ്തകം ഈ ട്രിലോജിയിലെ ആദ്യത്തേതാണ്. ആരാണ് Vigilante? അല്ലെങ്കിൽ എന്താണ് Vigilantism?? സമൂഹത്തിലെ തിന്മകൾക്കെതിരെ പോരടിക്കാൻ സ്വയം നിയമം കയ്യിലെടുക്കുന്നവൻ ആരോ അവനാണ് Vigilante. അത്തരത്തിൽ നിയമം കയ്യിലെടുത്തു നടത്തുന്ന പോരാട്ടങ്ങളെ Vigilantism എന്ന് വിളിക്കാം. കുട്ടിക്കാലം മുതൽക്കേ അത്തരത്തിൽ ഒരുപാട് കഥാപാത്രങ്ങളെ നമ്മൾ സിനിമയിലും പുസ്തകങ്ങളിലും മറ്റും കണ്ടിട്ടുണ്ട്. ആ കൂട്ടത്തിൽ ഏറെ ശ്രദ്ധേയനാണ് ബാറ്റ്മാൻ എന്ന സൂപ്പർഹീറോ. ബാറ്റ്മാൻ കൊച്ചിയിൽ വന്നാൽ എങ്ങനെയുണ്ടാകും..?? ചിന്തിച്ചിട്ടുണ്ടോ..??

തോമസ്, സാറ, അർജുൻ ഇങ്ങനെ മൂന്ന് കോളേജ് സുഹൃത്തുക്കളെ ചുറ്റിപറ്റിയുള്ള കഥ. ബാറ്റ്മാനെ ജീവനു തുല്യം ആരാധിക്കുന്ന നായകൻ. അയാൾ തന്റെ ജീവിതത്തിലും ജീവിതസാഹചര്യങ്ങളിലുമെല്ലാം ബാറ്റ്മാൻ കഥാപാത്രമായ ബ്രൂസ് വെയ്നിനോടുള്ള അദൃശ്യമായ സാദൃശ്യം കണ്ടെത്തുന്നു. ഒടുവിൽ കൊച്ചി നഗരത്തിലെ കറുത്ത ശക്തികൾക്കെതിരെ അയാൾ സ്വയം ബാറ്റ്മാനാകുന്നു. ഒളിസങ്കേതമായ ബാറ്റ്മാൻ കേവിൽ ആർക്കും പിടികൊടുക്കാതെ രഹസ്യമായി കഴിയുന്ന അയാൾ, അക്ഷരാർഥത്തിൽ കൊച്ചി നഗരത്തെ തന്റെ ഗോഥം നഗരമാക്കി മാറ്റുന്നു. കഥയിലേക്ക് ഞാൻ കൂടുതൽ കടക്കുന്നില്ല. വായിച്ചു നോക്കൂ.. 😎 എട്ടാമത്തെ വെളിപാട് പോലെ തന്നെ ഈ പുസ്തകവും നിങ്ങളെ ത്രില്ലടിപ്പിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. 118 പേജുകൾ അടങ്ങിയ ഈ പുസ്തകം ഒറ്റ ഇരുപ്പിനു തന്നെ വായിച്ചു തീർക്കാവുന്ന

ഒന്നാണ്.. ബാറ്റ്മാൻ എന്ന സൂപ്പർഹീറോയെ അത്രമേൽ നെഞ്ചിലേറ്റി ആരാധിക്കുന്നവർക്ക് ഒരു ട്രീറ്റ് തന്നെയാണ് ഈ പുസ്തകം.

കോട്ടയം ജില്ലക്കാരനായ അനൂപ് മെക്കാനിക്കൽ എഞ്ചിനീയറിംങ്ങിൽ ബിരുദവും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടി, ഇപ്പോൾ സാമ്പത്തിക ശാസ്ത്രത്തിൽ ഗവേഷണവും അധ്യാപനവും നടത്തുന്നു. ഈ Vigilante Trilogyയുടെ അടുത്ത രണ്ട് ഭാഗങ്ങൾക്കായി കണ്ണിലെണ്ണയുമൊഴിച്ച് കാത്തിരിക്കുന്നു. ഇനിയും ഇനിയും ഇതുപോലെ ത്രില്ലടിപ്പിക്കുന്ന രചനകൾ എഴുതുവാൻ താങ്കളുടെ തൂലികയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു..

പ്രസാധകർ: ലോഗോസ് ബുക്സ്
വില: Rs.150/